പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.534 — 02.07.2014 ലെ മറുപടിയ്ക്ക്

## ദിശാബോർഡുകൾ

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.എം.പി.വിൻസെന്റ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നാറ്റ്പാക്ക് ആണ് പദ്ധതിയുടെ നടത്തിപ്പുകാർ. 4.46 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | ബി) | സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സംസ്ഥാനത്താകമാനം പാതയോരങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനായാണ് പദ്ധതി നടപ്പാക്കുന്നത്. ബോർഡുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെയും ബോർഡുകളുടെ തരങ്ങളെയും സംബന്ധിച്ച് സ്വയംഭരണസ്ഥാപനമായ നാറ്റ്പാക്ക് വിശദമായ പഠനം നടത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| സി) | എന്തെല്ലാം വിവരങ്ങളാണ് ദിശാബോർഡുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | വിവിധ തരത്തിലുള്ള ബോർഡുകളാണ് സ്ഥാപിക്കുന്നത്. ഓരോ തരത്തിലുള്ള ബോർഡുകളിലും വിവിധ രീതിയിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ വിനോദസഞ്ചാരകേന്ദ്രത്തിന്റെ പേര്, ദൂരം, മാപ്പ് |

| | | | |
|---|---|---|---|
| | | | എന്നിവ ഉൾപ്പെടുന്നു. കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനായി ക്യൂ.ആർ.കോഡും ബോർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | സ്വയംഭരണസ്ഥാപനമായ നാറ്റ്പാക്ക് ആണ് പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ